**<u>വളരെ അടിയന്തിരം</u>**

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**തിരുവനന്തപുരം**
**dbtcell2017@gmail.com**
**0471-2327526 തീയതി : 30/06/2020**

**പഞ്ചായത്ത് ഡയറക്ടർ**

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം) എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (നഗരസഭ മേഖല ജോയിൻറ് ഡയറക്ടർ മുഖാന്തിരം)

സർ,

വിഷയം: – മസ്റ്ററിംഗ് – അക്ഷയ കേന്ദ്രങ്ങളിലെ തിരക്കും /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരക്കും ഒഴിവാക്കുന്നത് – അറിയിപ്പ് സംബന്ധിച്ച്

സൂചന: – ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 23/06/2020, 29/06/2020 എന്നീ തീയതികളിലെ നം . 1492204/എസ്. എഫ്.സി – ബി2/2020/ധനം നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു . സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് 2020 ഫെബ്രുവരി 15 വരെ വിവിധ കാരണങ്ങളാൽ ബയോമെട്രിക് മസ്റ്ററിംഗ് ചെയ്യാൻ സാധിക്കാത്ത അർഹതയുള്ള ഗുണഭോക്താക്കൾക്ക് 2020 ജൂൺ 29 മുതൽ ജൂലൈ 15 വരെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സൂചന പ്രകാരം അവസരം നൽകിയിട്ടുള്ളതാണ്. **അക്ഷയകേന്ദ്രങ്ങളിലെ തിരക്ക് ഒഴിവാക്കി കോവിഡ് വ്യാപന നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നതിന്** താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. **2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളിൽ 2020 ഫെബ്രുവരി 15 വരെ വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്കാണ് ഇപ്പോൾ സർക്കാർ അവസരം**

**നൽകിയിട്ടുള്ളത്.**

2. 2019 നവംബർ 13 മുതൽ 2020 ഫെബ്രുവരി 15 വരെ മസ്റ്ററിംഗ് ചെയ്തിട്ടുള്ളവരും/മസ്റ്ററിംഗ് പരാജയപ്പെട്ട് ലൈഫ് സർട്ടിഫിക്കറ്റ് അറ്റാച്ച് ചെയ്ത് പെൻഷൻ ലഭിച്ചിച്ചു വരുന്നവരും 2020 ജനുവരി മുതലുള്ള പുതിയ ഗുണഭോക്താക്കളും ഇപ്പോൾ മസ്റ്ററിംഗ് ചെയ്യേണ്ടതില്ല.

3. ഓരോ വാർഡിലും മസ്റ്ററിംഗ് ചെയ്യാത്തവരുടെ വിവരം മെമ്പർമാർക്ക്/കൗൺസിലർമാർക്ക് അറിയാവുന്നതാണ്. അക്ഷയകേന്ദ്രങ്ങളിൽ കൂട്ടംകൂടുന്നത് ഒഴിവാക്കാൻ സെക്രട്ടറിയുമായി ആലോചിച്ച് ഗുണഭോക്താക്കൾക്ക സമയക്രമം നിശ്ചയിച്ച് നൽകേണ്ടതാണ്.

4. മസ്റ്ററിംഗ് ചെയ്ത ശേഷം അതിന്റെ പ്രിൻറൗട്ടുമായി ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോകേണ്ടതില്ല എന്ന വിവരവും ഗുണഭോക്താക്കളെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

JOSNAMOL S
JOINT DIRECTOR
**പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി**

Signature valid

Digitally signed by JOSNAMOL S
Date: 2020.06.30 12:59:10 IST
Reason: Approved